കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## ജൂലൈ

## 2020



## പ്രൈസസ് വിഭാഗം

## സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

## തിരുവനന്തപുരം

കേരള സർക്കാർ
**പിണറായി വിജയൻ**
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം **പി.വി .ബാബു**

10-09-2020 **ഡയറക്ടർ**

# ആമുഖം

രാജ്യം അൺലോക്ക് പ്രക്രിയയുടെ അടുത്ത ഘട്ടത്തിലേക്ക് പോകുമ്പോഴും രോഗ വ്യാപനത്തെക്കുറിച്ചുള്ള ആശങ്ക ഒരു ഭാഗത്ത് ഭീഷണിയായി നില നിൽക്കുകയാണ്. വിവിധ മേഖലകൾ കണ്ടൈൻമെൻറ് സോണുകളായി പ്രഖ്യാപിക്കേണ്ടി വരുന്നൊരു സാഹചര്യം നിലനിൽക്കുന്നു.അവിടങ്ങളിൽ വ്യവസായങ്ങളും, വാണിജ്യങ്ങളും, മറ്റ് സാമ്പത്തികമേഖലകളുടെ പ്രവർത്തനങ്ങളും തടസപ്പെടുകയാണ്.ഇത് പൂർണ്ണ തോതിൽ രാജ്യത്തിൻറെ സമ്പദ്‌വ്യവസ്ഥയ്ക്ക് മുന്നോട്ട് കുതിക്കുന്നതിന് തടസം സൃഷ്ടിക്കുകയാണ്.

കാലവർഷം പൊതുവെ ഇന്ത്യയിൽ തൃപ്തികരമായ നിലയിലാണ് മുമ്പോട്ട് പോവുന്നത് ഖാരിഫ് സീസണിലെ കാർഷിക പ്രവർത്തനങ്ങൾക്ക് തികച്ചും അനുയോജ്യമായ വിധത്തിൽ തന്നെയാണ് ജൂലൈ മാസത്തെ കാലാവസ്ഥ മൊത്തത്തിൽ ഇന്ത്യയിൽ എങ്ങും അനുഭവപ്പെട്ടത്.പ്രധാന കാർഷിക സംസ്ഥാനങ്ങളിൽ എല്ലാം തന്നെ നല്ല തോതിലുള്ള മഴ ലഭിച്ചതായാണ് റിപ്പോർട്ട്. ജൂൺ 1 മുതൽ ജൂലൈ 29 വരെയുള്ള കാലാവസ്ഥ വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം കിഴക്ക്,വടക്ക് കിഴക്ക്,തെക്കൻ സംസ്ഥാനങ്ങളിൽ ദീർഘകാല ശരാശരിയേക്കാൾ 12 ശതമാനം അധിക മഴ ലഭിച്ചിട്ടുണ്ട്.അതേസമയം മധ്യേന്ത്യയിൽ 2 ശതമാനവും വടക്ക് പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ 20 ശതമാനവും മഴക്കുറവുണ്ടായിട്ടുണ്ട്.കേരളത്തിൽ ഭക്ഷ്യോൽപ്പന്നങ്ങൾ എത്തിക്കുന്ന പ്രധാന കാർഷിക സംസ്ഥാങ്ങളിൽ എല്ലാം തന്നെ കാർഷിക മേഖലയ്ക്ക് അനുഗുണമായ തോതിൽ മഴ ലഭിച്ചിട്ടുണ്ട്. അതെ സമയം കേരളത്തിൽ ഈ കാലയളവിൽ 23 ശതമാനം മഴക്കുറവ് ഉണ്ടായതായാണ് കണക്കാക്കപ്പെടുന്നത്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ മഴക്കുറവ് അനുഭവപ്പെട്ടു. ആഗസ്തിൽ കേരളത്തിൽ ശക്തമായ മഴ ഉണ്ടാവുമെന്നാണ് നിലവിലുള്ള കാലാവസ്ഥ പ്രവചനം. പക്ഷെ അത് തീവ്ര മഴയിലേക്ക് മാറുകയാണെങ്കിൽ കാർഷികമേഖലയ്ക്ക് ദോഷകരമായി ഭവിക്കാനുള്ള സാധ്യത ഉണ്ട്

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ജൂലൈ 31 ലെ കണക്ക് പ്രകാരം ഖരീഫ് സീസണിലെ കാർഷിക വിസ്തൃതിയിൽ കാര്യമായ പുരോഗതി റിപ്പോർട്ട് ചെയ്യുന്നു.നെല്ല്,പയർ വർഗ്ഗങ്ങൾ എന്നിവയുടെ കാർഷിക വിസ്തൃതിയിൽ കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 19 ശതമാനത്തിലധികം വർദ്ധനവ് റിപ്പോർട്ട് ചെയ്യുന്നു എന്നുള്ളത് എടുത്തു പറയേണ്ടുന്ന കാര്യമാണ്. റിപ്പോർട്ട് പ്രകാരം കേരളത്തിൽ 0.14 ലക്ഷം ഹെക്ടർ നെൽകൃഷി ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജൂലൈയിൽ പൊതു വിപണിയിൽ അവശ്യസാധനങ്ങളുടെ വിലയിൽ പൊതുവെ വിലക്കുറവുണ്ടായിട്ടുണ്ട്.ലോക്ക് ഡൗൺ നടപ്പിലാക്കിയതിനു ശേഷം വിപണിയിൽ ഉണ്ടായ മാന്ദ്യം ഇപ്പോഴും നില നിൽക്കുന്നു എന്നുള്ളതാണ് ഈ വിലക്കുറവിന്റെ പ്രധാനപ്പെട്ട കാരണം.അരി,പയർ വർഗ്ഗങ്ങൾ,പച്ചക്കറികൾ തുടങ്ങി പ്രധാനപ്പെട്ട അവശ്യ സാധനങ്ങളുടെ എല്ലാം വിലയിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ മാസാവസാനം പച്ചക്കറികളുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു.പ്രത്യേകിച്ച് തക്കാളി ഉരുളക്കിഴങ്ങ് എന്നിവയുടെ വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.ആഗസ്തിൽ ഓണത്തിനോട് അനുബന്ധിച്ച് പച്ചക്കറികളുടെ വിലയിൽ വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

അരിയുടെ വിലയിൽ വരും മാസങ്ങളിലും കാര്യമായ വർദ്ധനവിനുള്ള സാഹചര്യം നിലനിക്കുന്നില്ല. എഫ് സി ഐയുടെ ജൂലൈ 31 ലെ കണക്ക് പ്രകാരം 505.21 ലക്ഷം മേറ്റ്ക് ടൺ അരി സംഭരിച്ചിട്ടുണ്ട് .കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 439.87 ലക്ഷം മെട്രിക് ടൺ അരിയാണ് സംഭരിച്ചത്. ഈ കാലയളവിൽ കാർഷിക മേഖലയ്ക്ക് ഏറ്റവും ഭീഷണി ആവുമെന്ന് പ്രവചിച്ചിരുന്ന വെട്ടുകിളികളുടെ ആക്രമണം ഇതുവരെ കാര്യമായ കൃഷി നാശങ്ങളൊന്നും ഇല്ലാതെ ഫലപ്രദമായി നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

2020-21 മാർക്കറ്റിംഗ് സീസണിലേക്കുള്ള ഖാരിഫ് വിളകളുടെ മിനിമം സപ്പോർട്ട് പ്രൈസ്(MSP) സർക്കാർ പ്രഖ്യാപിച്ചു ഇത് പ്രകാരം നെല്ല് 1868 രൂപ, തുവര 6000 രൂപ ,ചെറുപയർ 7196 രൂപ ,ഉഴുന്ന് 6000 രൂപ എന്നിങ്ങനെയാണ് ക്വിന്റലിന് നിരക്ക് ഇവ 2019-20 സീസണിലെ അപേക്ഷിച്ച് യഥാക്രമം 53,200,146,300 രൂപയുടെ വർദ്ധനവ് കാണിക്കുന്നു. ഇത് കാർഷിക വിളകളുടെ സംഭരണം വർധിപ്പിക്കുന്നതിനും അതുവഴി പൊതു വിപണിയിലെ വിലയെ പിടിച്ചു നിർത്തുന്നതിനും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു,

## I. ധാന്യങ്ങൾ

അവലോകനമാസമായ ജൂലൈയിൽ കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് പൊതുവെ അരിയുടെ വിലയിൽ കുറയുവാനുള്ള പ്രവണത പ്രകടമായിരുന്നു.മാസം മദ്ധ്യത്തിൽ ചില അരി ഇനങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായെങ്കിലും മാസാവസാനത്തോടെ വിലക്കുറവുണ്ടായി. ആവശ്യത്തിനുള്ള സ്റ്റോക്ക് എഫ് സി ഐയുടെ പക്കലും പൊതുവിപണിയിലും ഉണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന ഓണത്തോട് അനുബന്ധിച്ച് റേഷൻ കടകൾ വഴി നൽകുന്ന അരിയും കണക്കിലെടുക്കുമ്പോൾ ആഗസ്ത് മാസത്തിലും വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2019 | ജൂൺ 2020 | ജൂലൈ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 37.97 | 39.70 | 38.77 | -2.34 | 2.11 |
| 2 | ചമ്പ | കിലോഗ്രാം | 39.75 | 40.00 | 40.00 | 0.00 | 0.63 |
| 3 | റോസ് | കിലോഗ്രാം | 38.64 | 41.75 | 41.27 | -1.15 | 6.81 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.71 | 37.33 | 36.99 | -0.91 | 0.76 |
| 5 | ജയ | കിലോഗ്രാം | 35.77 | 37.95 | 37.81 | -0.37 | 5.70 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.79 | 35.85 | 35.42 | -1.20 | 1.81 |



## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളുടെ വില പൊതുവെ കഴിഞ്ഞ മാസത്തിൽ കണ്ടുവന്ന കുറയുവാനുള്ള പ്രവണതയുടെ തുടർച്ചയായിരുന്നു അവലോകനമാസമായ ജൂലൈയിലും കാണപ്പെട്ടത്..എല്ലാ പയർ വർഗ്ഗങ്ങളുടെയും വിലയിൽ കുറവുണ്ടായി. കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് 2 ശതമാനം മുതൽ 4 ശതമാനം വരെ വിലയിൽ കുറവുണ്ടായി.

ലോക്ക് ഡൗണിനു ശേഷം കൂടുതലായി പയർ വർഗ്ഗങ്ങൾ വിപണിയിൽ എത്തിയതും പൊതുവെ വിപണിയിൽ ഡിമാന്റിൽ ഉണ്ടായ കുറവും വിലക്കുറവിനു കരണമായിട്ടുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2019 | ജൂൺ 2020 | ജൂലൈ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 94.11 | 127.00 | 121.66 | -4.20 | 29.27 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 97.09 | 129.91 | 125.82 | -3.15 | 29.59 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 94.73 | 123.35 | 120.15 | -2.59 | 26.83 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 92.00 | 118.13 | 115.12 | -2.55 | 25.13 |
| 5 | വൻപയർ | കിലോഗ്രാം | 73.14 | 82.84 | 80.74 | -2.54 | 10.39 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 99.20 | 101.13 | 99.00 | -2.11 | -0.20 |
| 7 | കടല(വലുത്) | കിലോഗ്രാം | 76.20 | 80.46 | 78.60 | -2.31 | 3.15 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 72.59 | 72.41 | 70.71 | -2.35 | -2.59 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 67.75 | 78.19 | 76.26 | -2.47 | 12.56 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 71.83 | 84.88 | 84.85 | -0.04 | 18.13 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ ജൂലൈയിൽ പഞ്ചസാരയുടെ വിലയിൽ നേരിയ വർദ്ധനവുണ്ടായി.എന്നാൽ കാര്യമായ വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.ശർക്കരയുടെ വിലയിൽ പൊതുവെ വിലക്കുറവുണ്ടായെങ്കിലും മാസം മധ്യത്തോടെ വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു.ഓണത്തോട് അനുബന്ധിച്ച് അഗസ്തിലും വിലയിൽ നേരിയ വർദ്ധനവ് തുടരാനാണ് സാധ്യത എന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

ഇറച്ചിക്കോഴിയുടെ വിലയിൽ കുറവുണ്ടായി.ആഗസ്തിൽ ഓണത്തോട് അനുബന്ധിച്ച് നേരിയ വർദ്ധനവ് ഉണ്ടാവാൻ സാധ്യത ഉണ്ടെങ്കിലും കാര്യമായ വർദ്ധനവിലേക്ക് പോവാൻ സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

കോഴിമുട്ടയുടെ വില നേരിയ കുറവോടെ നിലനിന്നു. ആഗസ്തിലും കാര്യമായ വില വ്യതിയാനം ഉണ്ടാവാൻ ഇടയില്ലെന്നാണ് സൂചന.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2019 | ജൂൺ 2020 | ജൂലൈ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 37.92 | 38.71 | 39.25 | 1.39 | 3.51 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 155.48 | 178.69 | 172.17 | -3.65 | 10.73 |
| 3 | ശർക്കര | കിലോഗ്രാം | 50.91 | 57.14 | 55.68 | -2.56 | 9.37 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 57.19 | 56.40 | 51.65 | -8.42 | -9.69 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 574.82 | 640.54 | 642.85 | 0.36 | 11.84 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 101.50 | 125.75 | 109.68 | -12.78 | 8.06 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.48 | 148.13 | 147.31 | -0.55 | -0.12 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 162.12 | 164.00 | 164.18 | 0.11 | 1.27 |



## IV. എണ്ണയും എണ്ണക്കുരുക്കളും

അവലോകനമാസമായ ജൂലായിൽ ഭക്ഷ്യ എണ്ണകളുടേയും തേങ്ങയുടെയും വിലയിൽ നേരിയ ഏറ്റക്കുറച്ചിലുകളുണ്ടായെങ്കിലും കാര്യമായ വില വ്യതിയാനങ്ങൾ ഇല്ലാതെ നിലനിന്നു. വെളിച്ചെണ്ണയുടെ വിലയിൽ മാസം മദ്ധ്യത്തോടെ കുറവുണ്ടായെങ്കിലും മാസാവസാനം വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു.

തേങ്ങയുടെ വിലയിൽ മാസം മദ്ധ്യത്തോടെ വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു. ആഗസ്തിലും തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ നേരിയ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2019 | ജൂൺ 2020 | ജൂലൈ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 170.09 | 183.61 | 183.56 | -0.03 | 7.92 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 158.00 | 155.00 | 154.47 | -0.34 | -2.23 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 98.13 | 110.00 | 109.74 | -0.24 | 11.83 |
| 4 | നല്ലെണ്ണ | ലിററർ | 221.52 | 199.44 | 199.10 | -0.17 | -10.12 |
| 5 | കടുക് എണ്ണ | ലിററർ | 138.00 | 140.00 | 142.50 | 1.79 | 3.26 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 100.45 | 107.27 | 107.69 | 0.39 | 7.21 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 97.16 | 109.95 | 109.23 | -0.65 | 12.42 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 157.89 | 177.64 | 179.11 | 0.83 | 13.44 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

മറ്റ് ഇനങ്ങളിലെ പോലെത്തന്നെ അവലോകനമാസമായ ജൂലൈയിൽ സുഗന്ധ വ്യഞ്ജനങ്ങളുടെ വിലയിലും നേരിയ കുറവ് അനുഭവപ്പെട്ടു.പൊതുവെ വിപണിയിൽ കണ്ടുവന്ന ഡിമാന്റിലുണ്ടായ കുറവാണ് വിലക്കുറവിനു കാരണമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

വറ്റൽ മുളകിന്റെ വിലയിൽ കാര്യമായ കുറവുണ്ടായി മറ്റിനങ്ങളുടെ വിലയിൽ കുറവുണ്ടായെങ്കിലും മാസാവസാനം വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു.വെളുത്തുള്ളി,പുളി എന്നിവയുടെ വിലയിൽ മാസാവസാനം കാര്യമായ വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു.

ഇറക്കുമതി കുരുമുളകിന്റെ സ്വാധീനം ഇപ്പോഴും കുരുമുളകിന്റെ വിലയിൽ പ്രകടമാണ്

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2019 | ജൂൺ 2020 | ജൂലൈ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 102.68 | 98.71 | 96.39 | -2.35 | -6.13 |
| 2 | മുളക് | കിലോഗ്രാം | 134.52 | 179.02 | 167.49 | -6.44 | 24.51 |
| 3 | ഉള്ളി | കിലോഗ്രാം | 62.52 | 55.73 | 55.13 | -1.08 | -11.82 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 141.61 | 158.84 | 158.21 | -0.40 | 11.72 |
| 5 | ജീരകം | 100 ഗ്രാം | 30.00 | 30.14 | 29.83 | -1.03 | -0.57 |
| 6 | കടുക് | 100 ഗ്രാം | 9.43 | 9.73 | 9.71 | -0.21 | 2.97 |
| 7 | ഉലുവ | 100 ഗ്രാം | 9.80 | 9.98 | 9.93 | -0.50 | 1.33 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.96 | 18.89 | 19.05 | 0.85 | 0.47 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 12.55 | 13.79 | 13.69 | -0.73 | 9.08 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 414.23 | 377.40 | 373.54 | -1.02 | -9.82 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

കിഴങ്ങ് വർഗ്ഗങ്ങളുടെ വിലയിൽ അവലോകനമാസമായ ജൂലായിൽ പ്രാദേശികമായ ലഭ്യതയ്ക്കനുസരിച്ചുള്ള ഏറ്റക്കുറച്ചിലുകൾ പ്രകടമായിരുന്നു. ഉരുളക്കിഴങ്ങ് ,ചേമ്പ്,എന്നിവയുടെ വിലയിൽ മാസാവസാനം വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു. ചേന,ബീറ്റ്റൂട്ട് എന്നിവയുടെ വിലയിൽ മാസാവസാനം വില കുറയുവാനുള്ള പ്രവണത ദൃശ്യമായിരുന്നു.

കാരറ്റിന്റെ വിലയിൽ മാസം ആദ്യം വർദ്ധനവുണ്ടായെങ്കിലും മാസം മദ്ധ്യത്തോടെ വിലസ്ഥിരത പ്രകടമായി.ആഗസ്തിൽ ഓണത്തോട് അനുബന്ധിച്ച് കിഴങ്ങ് വർഗ്ഗങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടാവാനുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2019 | ജൂൺ 2020 | ജൂലൈ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 38.98 | 32.48 | 34.37 | 5.82 | -11.83 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 27.00 | 25.79 | 24.95 | -3.26 | -7.59 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 27.41 | 37.02 | 40.23 | 8.67 | 46.77 |
| 4 | ചേമ്പ് | കിലോഗ്രാം | 68.92 | 57.33 | 59.90 | 4.48 | -13.09 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 44.50 | 39.98 | 37.80 | -5.45 | -15.06 |
| 6 | കാരററ് | കിലോഗ്രാം | 67.09 | 39.66 | 41.52 | 4.69 | -38.11 |



## VII.പച്ചക്കറി ഇനങ്ങൾ

അവലോകനമാസത്തിലെ പച്ചക്കറികളുടെ വില പരിശോധിക്കുമ്പോൾ പ്രധാനമായും തക്കാളിയുടെ വിലയിൽ കാര്യമായ വർദ്ധനവ് ദൃശ്യമായിരുന്നു. ഉല്പാദനത്തിലുണ്ടായ കുറവാണു വിലയിലുണ്ടായ വർദ്ധനവിന് കാരണമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. ദക്ഷിണേന്ത്യയെ അപേക്ഷിച്ച് ഉത്തരേന്ത്യയിൽ തക്കാളിയുടെ വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടായതായിട്ടാണ് ലഭിക്കുന്ന റിപ്പോർട്ട്. ഡൽഹി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ തക്കാളിയുടെ വില ഈ കാലയളവിൽ കിലോഗ്രാമിന് 70 രൂപ വരെ എത്തിയിട്ടുണ്ട്. ആഗസ്തിലും തക്കാളിയുടെ വിലയിൽ കാര്യമായ കുറവുണ്ടാവാൻ സാധ്യത ഇല്ലെന്നാണ് ലഭിക്കുന്ന സൂചന.

ജൂലൈയിലെ പച്ചക്കറികളുടെ മൊത്തത്തിലുള്ള വില പരിശോധിക്കുമ്പോൾ മാസാവസാനം മിക്ക പച്ചക്കറികളുടെയും വിലയിൽ വർദ്ധനവിനുള്ള പ്രവണത പ്രകടമാണ് അതോടൊപ്പം ആഗസ്തിൽ ഓണം സീസൺ പരിഗണിക്കുമ്പോൾ പൊതുവെ പച്ചക്കറികളുടെ വിലയിൽ വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ടെന്നാണ് ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2019 | ജൂൺ 2020 | ജൂലൈ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 24.48 | 19.36 | 18.90 | -2.38 | -22.79 |
| 2 | വഴുതന | കിലോഗ്രാം | 35.55 | 32.16 | 31.43 | -2.27 | -11.59 |
| 3 | മത്തങ്ങ | കിലോഗ്രാം | 27.20 | 21.29 | 22.45 | 5.45 | -17.46 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 21.71 | 21.50 | 23.69 | 10.19 | 9.12 |
| 5 | വെണ്ടക്ക | കിലോഗ്രാം | 36.02 | 32.13 | 32.07 | -0.19 | -10.97 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 54.52 | 59.73 | 43.81 | -26.65 | -19.64 |
| 7 | വള്ളിപയർ | കിലോഗ്രാം | 48.45 | 44.11 | 44.10 | -0.02 | -8.98 |
| 8 | കാബേജ് | കിലോഗ്രാം | 42.21 | 26.73 | 27.75 | 3.82 | -34.26 |
| 9 | പാവയ്ക്ക | കിലോഗ്രാം | 51.02 | 49.45 | 45.70 | -7.58 | -10.43 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 23.09 | 25.54 | 25.71 | 0.67 | 11.35 |
| 11 | പടവലങ്ങ | കിലോഗ്രാം | 36.75 | 31.13 | 31.50 | 1.19 | -14.29 |
| 12 | തക്കാളി | കിലോഗ്രാം | 37.20 | 29.88 | 39.45 | 32.03 | 6.05 |
| 13 | പച്ചമുളക് | 100 ഗ്രാം | 6.10 | 5.32 | 5.49 | 3.20 | -10.00 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 45.50 | 38.98 | 34.97 | -10.29 | -23.14 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 35.82 | 31.43 | 30.99 | -1.40 | -13.48 |



## VIII. പഴവർഗ്ഗങ്ങൾ

അവലോകനമാസമായ ജൂലൈയിൽ പഴ വർഗ്ഗങ്ങളിൽ ഓറഞ്ച്, മാങ്ങ എന്നിവയുടെ സീസൺ അല്ലാത്തതിനാൽ വിപണിയിൽ ലഭ്യത കുറവായിരുന്നു..ലഭ്യമായ ഇനങ്ങളിൽ വിലയിലും കാര്യമായ വർദ്ധനവ് ഉണ്ടായി.ഏത്തപ്പഴത്തിന്റെ വിലയിൽ നേരിയ കുറവുണ്ടായപ്പോൾ വാഴപ്പഴങ്ങളുടെ വിലയിൽ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടു. മുന്തിരിയുടെ വിലയിൽ വർദ്ധനവുണ്ടായപ്പോൾ ആപ്പിളിന്റെ വിലയിൽ കുറവുണ്ടായി.

ആഗസ്തിൽ ഓണത്തോട് അനുബന്ധിച്ച് ഏത്തപ്പഴം,വാഴപ്പഴം എന്നിവയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടാവാൻ ഇടയുടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2019 | ജൂൺ 2020 | ജൂലൈ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **107.26** | **100.68** | **103.80** | **3.10** | **-3.23** |
| 2 | മുസമ്പി | കിലോഗ്രാം | **70.38** | **58.17** | **61.77** | **6.19** | **-12.23** |
| 3 | മാതളം | കിലോഗ്രാം | **104.50** | **109.69** | **110.04** | **0.32** | **5.30** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **145.33** | **163.75** | **142.98** | **-12.68** | **-1.62** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **54.03** | **47.47** | **45.41** | **-4.34** | **-15.95** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **39.61** | **28.57** | **29.01** | **1.54** | **-26.76** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **74.09** | **47.29** | **54.41** | **15.06** | **-26.56** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **55.20** | **45.25** | **48.26** | **6.65** | **-12.57** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **36.07** | **28.63** | **27.56** | **-3.74** | **-23.59** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **64.66** | **74.11** | **83.43** | **12.58** | **29.03** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **22.84** | **19.43** | **17.90** | **-7.87** | **-21.63** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **136.94** | **68.48** | **70.98** | **3.65** | **-48.17** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **109.54** | **64.63** | **76.93** | **19.03** | **-29.77** |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകനമാസമായ ജൂലായിൽ നേരിയ ഏറ്റക്കുറച്ചിലുകളോടെ കാര്യമായ വില വ്യത്യാസമില്ലാതെയാണ് സിമന്റ്,സ്റ്റീൽ ഉൾപ്പെടെയുള്ള മിക്ക ഇനങ്ങളുടെയും വിപണനം നടന്നത്.ലോക്ക് ഡൗൺ പിൻവലിച്ചതിനു ശേഷം സിമന്റിന്റെ വിലയിൽ പ്രകടമായിരുന്ന വർദ്ധനവ് പിന്നീട് നേരിയ കുറവോടെ സ്ഥിരത കൈവരിക്കുന്ന പ്രവണതയാണ് കാണപ്പെട്ടത്. നിലവിൽ മാസാവസാനം 430 -440 രൂപ നിരക്കിലാണ് വിപണനം നടക്കുന്നത്. ആഗസ്ത് മാസത്തിലും കാര്യമായ വിലവ്യത്യാസം പ്രതീക്ഷിക്കുന്നില്ല. ആഗസ്തിലും സ്റ്റീൽ ഉൾപ്പെടെയുള്ള മറ്റിനങ്ങളുടെ വിലയിലും കാര്യമായ ഏറ്റക്കുറച്ചിലുകൾ പ്രതീക്ഷിക്കുന്നില്ല.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2019 | ജൂൺ 2020 | ജൂലൈ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.00** | **20.14** | **20.14** | **0.00** | **0.70** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **29.79** | **24.77** | **25.13** | **1.45** | **-15.64** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **495.00** | **514.00** | **511.20** | **-0.54** | **3.27** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **398.39** | **436.06** | **434.50** | **-0.36** | **9.06** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **392.68** | **433.04** | **429.71** | **-0.77** | **9.43** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **52.55** | **51.91** | **50.99** | **-1.77** | **-2.97** |



# അനുബന്ധം

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2019 | ജൂൺ 2020 | ജൂലൈ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 37.97 | 39.70 | 38.77 | -2.34 | 2.11 |
| 2 | ചമ്പ | കിലോഗ്രാം | 39.75 | 40.00 | 40.00 | 0.00 | 0.63 |
| 3 | റോസ് | കിലോഗ്രാം | 38.64 | 41.75 | 41.27 | -1.15 | 6.81 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.71 | 37.33 | 36.99 | -0.91 | 0.76 |
| 5 | ജയ | കിലോഗ്രാം | 35.77 | 37.95 | 37.81 | -0.37 | 5.70 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.79 | 35.85 | 35.42 | -1.20 | 1.81 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 94.11 | 127.00 | 121.66 | -4.20 | 29.27 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 97.09 | 129.91 | 125.82 | -3.15 | 29.59 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 94.73 | 123.35 | 120.15 | -2.59 | 26.83 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 92.00 | 118.13 | 115.12 | -2.55 | 25.13 |
| 5 | വൻപയർ | കിലോഗ്രാം | 73.14 | 82.84 | 80.74 | -2.54 | 10.39 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 99.20 | 101.13 | 99.00 | -2.11 | -0.20 |
| 7 | കടല(വലുത്) | കിലോഗ്രാം | 76.20 | 80.46 | 78.60 | -2.31 | 3.15 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 72.59 | 72.41 | 70.71 | -2.35 | -2.59 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 67.75 | 78.19 | 76.26 | -2.47 | 12.56 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 71.83 | 84.88 | 84.85 | -0.04 | 18.13 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 37.92 | 38.71 | 39.25 | 1.39 | 3.51 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 155.48 | 178.69 | 172.17 | -3.65 | 10.73 |
| 3 | ശർക്കര | കിലോഗ്രാം | 50.91 | 57.14 | 55.68 | -2.56 | 9.37 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 57.19 | 56.40 | 51.65 | -8.42 | -9.69 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 574.82 | 640.54 | 642.85 | 0.36 | 11.84 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 101.50 | 125.75 | 109.68 | -12.78 | 8.06 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.48 | 148.13 | 147.31 | -0.55 | -0.12 |
| 8 | കാപ്പിപൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 162.12 | 164.00 | 164.18 | 0.11 | 1.27 |
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 170.09 | 183.61 | 183.56 | -0.03 | 7.92 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 158.00 | 155.00 | 154.47 | -0.34 | -2.23 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 98.13 | 110.00 | 109.74 | -0.24 | 11.83 |
| 4 | നല്ലെണ്ണ | ലിററർ | 221.52 | 199.44 | 199.10 | -0.17 | -10.12 |
| 5 | കടുക് എണ്ണ | ലിററർ | 138.00 | 140.00 | 142.50 | 1.79 | 3.26 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 100.45 | 107.27 | 107.69 | 0.39 | 7.21 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 97.16 | 109.95 | 109.23 | -0.65 | 12.42 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 157.89 | 177.64 | 179.11 | 0.83 | 13.44 |

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2019 | ജൂൺ 2020 | ജൂലൈ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **102.68** | **98.71** | **96.39** | **-2.35** | **-6.13** |
| 2 | മുളക് | കിലോഗ്രാം | **134.52** | **179.02** | **167.49** | **-6.44** | **24.51** |
| 3 | ഉള്ളി | കിലോഗ്രാം | **62.52** | **55.73** | **55.13** | **-1.08** | **-11.82** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **141.61** | **158.84** | **158.21** | **-0.40** | **11.72** |
| 5 | ജീരകം | 100 ഗ്രാം | **30.00** | **30.14** | **29.83** | **-1.03** | **-0.57** |
| 6 | കടുക് | 100 ഗ്രാം | **9.43** | **9.73** | **9.71** | **-0.21** | **2.97** |
| 7 | ഉലുവ | 100 ഗ്രാം | **9.80** | **9.98** | **9.93** | **-0.50** | **1.33** |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | **18.96** | **18.89** | **19.05** | **0.85** | **0.47** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **12.55** | **13.79** | **13.69** | **-0.73** | **9.08** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **414.23** | **377.40** | **373.54** | **-1.02** | **-9.82** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **38.98** | **32.48** | **34.37** | **5.82** | **-11.83** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **27.00** | **25.79** | **24.95** | **-3.26** | **-7.59** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **27.41** | **37.02** | **40.23** | **8.67** | **46.77** |
| 4 | ചേമ്പ് | കിലോഗ്രാം | **68.92** | **57.33** | **59.90** | **4.48** | **-13.09** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **44.50** | **39.98** | **37.80** | **-5.45** | **-15.06** |
| 6 | കാരററ് | കിലോഗ്രാം | **67.09** | **39.66** | **41.52** | **4.69** | **-38.11** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **24.48** | **19.36** | **18.90** | **-2.38** | **-22.79** |
| 2 | വഴുതന | കിലോഗ്രാം | **35.55** | **32.16** | **31.43** | **-2.27** | **-11.59** |
| 3 | മത്തങ്ങ | കിലോഗ്രാം | **27.20** | **21.29** | **22.45** | **5.45** | **-17.46** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **21.71** | **21.50** | **23.69** | **10.19** | **9.12** |
| 5 | വെണ്ടക്ക | കിലോഗ്രാം | **36.02** | **32.13** | **32.07** | **-0.19** | **-10.97** |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | **54.52** | **59.73** | **43.81** | **-26.65** | **-19.64** |
| 7 | വള്ളിപയർ | കിലോഗ്രാം | **48.45** | **44.11** | **44.10** | **-0.02** | **-8.98** |
| 8 | കാബേജ് | കിലോഗ്രാം | **42.21** | **26.73** | **27.75** | **3.82** | **-34.26** |
| 9 | പാവയ്ക്ക | കിലോഗ്രാം | **51.02** | **49.45** | **45.70** | **-7.58** | **-10.43** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **23.09** | **25.54** | **25.71** | **0.67** | **11.35** |
| 11 | പടവലങ്ങ | കിലോഗ്രാം | **36.75** | **31.13** | **31.50** | **1.19** | **-14.29** |
| 12 | തക്കാളി | കിലോഗ്രാം | **37.20** | **29.88** | **39.45** | **32.03** | **6.05** |
| 13 | പച്ചമുളക് | 100 ഗ്രാം | **6.10** | **5.32** | **5.49** | **3.20** | **-10.00** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **45.50** | **38.98** | **34.97** | **-10.29** | **-23.14** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **35.82** | **31.43** | **30.99** | **-1.40** | **-13.48** |

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2019 | ജൂൺ 2020 | ജൂലൈ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 107.26 | 100.68 | 103.80 | 3.10 | -3.23 |
| 2 | മുസമ്പി | കിലോഗ്രാം | 70.38 | 58.17 | 61.77 | 6.19 | -12.23 |
| 3 | മാതളം | കിലോഗ്രാം | 104.50 | 109.69 | 110.04 | 0.32 | 5.30 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 145.33 | 163.75 | 142.98 | -12.68 | -1.62 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 54.03 | 47.47 | 45.41 | -4.34 | -15.95 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 39.61 | 28.57 | 29.01 | 1.54 | -26.76 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 74.09 | 47.29 | 54.41 | 15.06 | -26.56 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 55.20 | 45.25 | 48.26 | 6.65 | -12.57 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 36.07 | 28.63 | 27.56 | -3.74 | -23.59 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 64.66 | 74.11 | 83.43 | 12.58 | 29.03 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 22.84 | 19.43 | 17.90 | -7.87 | -21.63 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 136.94 | 68.48 | 70.98 | 3.65 | -48.17 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 109.54 | 64.63 | 76.93 | 19.03 | -29.77 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 20.14 | 20.14 | 0.00 | 0.70 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 29.79 | 24.77 | 25.13 | 1.45 | -15.64 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 495.00 | 514.00 | 511.20 | -0.54 | 3.27 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 398.39 | 436.06 | 434.50 | -0.36 | 9.06 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 392.68 | 433.04 | 429.71 | -0.77 | 9.43 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 52.55 | 51.91 | 50.99 | -1.77 | -2.97 |